# സെന്റ് ലിറ്റിൽ ത്രേസ്യാസ്

# എൽ. പി. സ്കൂൾ, ഭരണങ്ങാനം

# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025 - 2025

## ആമുഖം

വിദ്യാലയത്തിലുള്ള മുഴുവൻ കുട്ടികളുടെയും സർവ്വതോന്മുഖ വികാസം മുന്നിൽക്കണ്ട്, പുതിയ അധ്യയന വർഷത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു. കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ ഉള്ള അറിവ് കണ്ടെത്തി പിന്നാക്കം നിൽക്കുന്ന മേഖലകൾ പരിഹരിക്കുന്നതിനുള്ള ഒരു പ്രശ്നപരിഹരണപാക്കേജ് ആണിത്. 2025 ജൂൺ 2 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ നടപ്പിലാക്കേണ്ടുന്ന, തുടർപ്രവർത്തന സാധ്യതകൾ ഏറെയുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ അധ്യയന വർഷത്തിൽ, ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ആരംഭിച്ച സചിത്രബുക്ക്, സംയുക്ത ഡയറി എന്നിവ കുട്ടികളുടെ സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിനും തെറ്റു കൂടാതെ വാക്യങ്ങൾ എഴുതുന്നതിനും പ്രയോജനപ്രദങ്ങളായ പദ്ധതികളായിരുന്നു, ആ പ്രവർത്തനങ്ങൾ ഈ വർഷം ആരംഭം മുതൽ തുടങ്ങുന്നതിനോടൊപ്പം മൂന്ന്, നാല്, ക്ലാസ്സുകളിൽ സർഗാത്മകഡയറി എഴുതിക്കുവാനും തീരുമാനിച്ചിരുന്നു. എല്ലാ ക്ലാസ്സുകളിലും ജൂൺ മാസം ആദ്യം മുതൽ പ്രസ്തുത പ്രവർത്തനങ്ങൾ ആരംഭിക്കും. ഈ വിദ്യാലയത്തിലെ, ഈ വർഷത്തെ തനത് പ്രവർത്തനമായി, എല്ലാ ക്ലാസ്സുകളിലും കുട്ടികൾ ഇഗ്ലീഷ് സംസാരിക്കുക എന്ന ലക്ഷ്യത്തോടെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആക്ടിവിറ്റി തുടങ്ങുവാനും തീരുമാനിച്ചിരിക്കുകയാണ്. ഒന്ന്, രണ്ട് ക്ലാസ്സുകളിൽ സചിത്ര ബുക്ക്, സംയുക്ത ഡയറി എഴുത്ത് , കുഞ്ഞുബുക്ക് നി4മ്മാണം, പാട്ട് അരങ്ങ്, ചിത്രഗണിതം തുടങ്ങിയവയും മൂന്നാം ക്ലാസ്സിൽ നിറയുന്ന കണക്കുപെട്ടി പുറം ചുമർ പത്രിക, പരിസരമൂല ഒരുക്കൽ, ഇംഗ്ലീഷ് കോർണർ തുടങ്ങിയവയും നാലാം ക്ലാസ്സിൽ ഗണിത അസ്സംബ്ലി, കണക്കുപെട്ടി ഒരുക്കൽ, കാവ്യോത്സവം, രചനോത്സവം, പ്രകൃതി നടത്തം തുടങ്ങിയവയ്ക്കും ഈ അധ്യയന വർഷം വളരെയധികം പ്രാധാന്യം നൽകുന്നു, കുട്ടികളുടെ പൊതുവിജ്ഞാനശേഷി വർദ്ധിപ്പിക്കുന്നതിന് വിജ്ഞാനച്ചെപ്പ് എന്ന പേരിൽ ഒരു പ്രവർത്തനം തുടങ്ങുവാനും തീരുമാനിച്ചിരിക്കുന്നു, എല്ലാ ക്ലാസ്സുകളിലും കലാപഠനം, പ്രവൃത്തി പരിചയം, കായിക. വ്യായാമങ്ങൾ, എന്നിവയ്ക്ക് കൃത്യമായി ടൈംടേബിൾ പ്രകാരം പ്രവർത്തനങ്ങൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

- എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ച് കൊണ്ട് പഠന പ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗ സമത്വം, തുല്യനീതി തുടങ്ങിയവ ഉറപ്പുവരുത്തുക.
- ആധുനിക കാലഘട്ടത്തിൽ ജീവിക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളെയും അറിവ് നിർമ്മാണത്തിൽ കഴിവുള്ളവരാക്കുക.
- ആത്മവിശ്വാസത്തോടെ പൊതു സദസ്സുകളെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കുക.
- സഹജീവി സ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത, അനുതാപം എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക.
- മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയ ഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കി തീർക്കുക.
- ആശയങ്ങൾ,അറിവുകൾ, അനുഭവങ്ങൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്ന തിനും കഴിവുള്ളവരാക്കുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
- കലാകായിക പ്രവർത്തി പഠനാശയങ്ങൾ മറ്റു വിഷയങ്ങളുമായി ഉൾചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും ഭാഷയിലെയും ഗണിതത്തിലെയും പരിസര പഠനത്തിലേയും പഠന നേട്ടങ്ങൾ പൂർണമായും കാര്യക്ഷമമായും നേടിയവരാക്കുക.
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണശേഷിയുള്ളവരാക്കി മാറ്റുക.
- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവും ആക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക.
- വർഷാവസാനം സ്വതന്ത്രമായി ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- കോർണർ പി ടി എകളിൽ രക്ഷിതാക്കളുമായി കുട്ടികളുടെ പഠനപ്രവർത്ത നങ്ങൾ പങ്കുവയ്ക്കുകയും പാഠ്യേതര പ്രവർത്തനങ്ങൾ അവിടെ സംഘടിപ്പിക്കുകയും ചെയ്യുക.

- പഠനോത്സവത്തിൽ മുഴുവൻ കുട്ടികളുടെയും അക്കാദമി നേട്ടങ്ങൾ പൊതുസമൂഹവുമായി പങ്കുവെക്കുകയും കുട്ടികളുടെ പഠനനേട്ടങ്ങളുടെ തെളിവുകൾ അവതരിപ്പിക്കുകയും അതിലൂടെ ഒരു സോഷ്യൽ ഓഡിറ്റിങ്ങിന് സ്കൂളിനെ വിധേയമാക്കുകയും ചെയ്യുക.
- കുട്ടികളുടെ കലാകായിക പ്രവർത്തിപരിചയം നേട്ടങ്ങൾ കൃത്യതപ്പെടുത്തുകയും ഭാവിയിലേക്ക് വേണ്ട പ്രോത്സാഹനവും പരിശീലനവും നൽകുക.
- നാലാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും എൽ എസ് എസ് തീവ്ര പരിശീലനം നൽകി എൽ എസ് എസ് നേടുവാൻ പ്രാപ്തരാക്കുന്നു.
- വർഷാവസാനം മികവുത്സവം നടത്തി കുട്ടികളുടെ പാഠ്യപാഠേന നേട്ടങ്ങൾ സമൂഹവുമായി പങ്കുവെക്കുക

# അവസ്ഥാ വിശകലന റിപ്പോർട്ട്

- ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ മുന്നറിവുകൾ വിവിധ പ്രവർത്തന പ്രവർത്തനങ്ങളിലൂടെ വിലയിരുത്തുകയും കണ്ടെത്തിയ കാര്യങ്ങൾ ലിസ്റ്റ് ചെയ്യുകയും ചെയ്യുന്നു. അതിലൂടെ കുട്ടികളുടെ ഭാഷാപ്രയോഗിക്കാനുള്ള ശേഷി വിലയിരുത്തുന്നു.

- ലേഖനത്തിൽ വരുത്തുന്ന തെറ്റുകൾ കണ്ടെത്തുന്നു.

- ഇംഗ്ലീഷ് , മലയാളം ഭാഷകൾ ഒഴുക്കോടെ കണ്ടെത്തുന്നു. അതിനുള്ള പിന്നോക്കക്കാരെയും കണ്ടെത്തുന്നു.

- ആശയപ്രകടന ശേഷി പദസമ്പത്ത് എന്നിവയിൽ കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു.

- സംഖ്യാബോധം, സങ്കലനം, വ്യവകലനം, തുടയങ്ങിയ അടിസ്ഥാനശേഷികളിൽ കുട്ടി നിൽക്കുന്ന അവസ്ഥ ഏതെന്ന് കണ്ടെത്തുന്നു. പ്രശ്ന നിർദ്ധാരണ ശേഷികൾ ചെയ്യാനുള്ള കുട്ടികളുടെ കഴിവ് അളക്കപ്പെടുന്നു.

## അവസ്ഥാ വിശകലന ടൂൾ

- പ്രീ ടെസ്റ്റ്
- ഗണിത വിജയം ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
- ചെക്ക് ലിസ്റ്റ്
- ചോദ്യാവലികൾ
- മുന്നറിവ് പരിശോധിക്കുന്നതിനുള്ള മറ്റു പ്രവർത്തനങ്ങൾ

## മുന്നൊരുക്കം

- എല്ലാ കുട്ടികൾക്കും സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വ്യക്തിഗത പ്രൊഫൈൽ തയ്യാറാക്കുന്നു.
- കുട്ടികളുടെ നിലവിലെ അവസ്ഥ, അതായത്, കുട്ടികളുടെ കഴിവ് / പരിമിതികൾ തുടങ്ങിയ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- എല്ലാ ക്ലാസ്സിലും രക്ഷിതാവിന്റെ അക്കാദമിക പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- എല്ലാ ക്ലാസ്സിലും വാട്സ് ആപ്പ് ഗ്രൂപ്പുകൾ തുടങ്ങി അന്നന്നത്തെ പഠന പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങൾ ഗ്രൂപ്പിൽ പങ്കുവയ്ക്കുകയും ഓരോ ദിവസത്തെയും ക്ലാസ്സ് പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് കൂടി അറിയാനുള്ള അവസരം അതുവഴി സൃഷ്ടിക്കുകയും ചെയ്യുന്നു. എല്ലാ മാസവും പി റ്റി എയിൽ ചർച്ച ചെയ്യുകയും അവ പ്രാപ്തരാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുകയും ചെയ്യുന്നു.

# മലയാളം

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സന്ദർഭങ്ങൾക്കനുസരിച്ച് സ്വന്തം ഭാഷയിൽ, ആശയങ്ങൾ പറഞ്ഞും എഴുതിയും അവതരി പ്പിക്കുന്നതിനുള്ള ശേഷി നേടൽ സ്വതന്ത്ര വായന റീഡേഴ്സ് തീയറ്റർ | ചിത്രവായന കഥ ഊഹിച്ചു പറയൽ കഥ പൂർത്തിയാ ക്കൽ മേനി പറച്ചിൽ റോൾ പ്ലേ-ലഘുനാടകം ശില്പ ശാല-ചിത്രക്കാർഡ്/ വായന നിർമ്മാണം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>ജൂൺ-മാർച്ച് |
| സർഗ്ഗാത്മക ശേഷി വികാസം<br>പതിപ്പു നിർമ്മാണം<br>സ്വതന്ത്ര രചന | സംയുക്ത ഡയറി, അമ്മ വായന സഹവർത്തിത വായന, ടീച്ചർ വായന, വായനാപ്പതിപ്പ്, കഥാ പതിപ്പ്, കവിതാപ്പതിപ്പ്, ചുമർ പത്രിക, ക്ലാസ്സ്തല പത്രം, സ്കൂൾ പത്രം, സർഗ്ഗാത്മക ഡയറി | ജൂൺ-മാർച്ച്<br>ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ<br>ജൂൺ-മാർച്ച് |
| കവിതാലാപനം<br>കവിതാസ്വാദനം<br>വർണ്ണന<br>കവിത-വിവിധ വ്യവഹാര രൂപ ങ്ങളിലേയ്ക്ക് മാറ്റൽ<br>പാട്ടരങ്ങ് | ഈണത്തിലും താളത്തിലും കവിത ചൊല്ലൽ, ICT സഹായ ത്തോടെ കവിത, വ്യത്യസ്ത ഈണത്തിൽ കേൾക്കൽ<br>ചിത്രരചന, ദൃശ്യാവിഷ്ക്കാരം<br>നാടകമാക്കൽ, കഥാരചന<br>സംഭാഷണം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്തംബർ |
| ആശയങ്ങളും അനുഭവങ്ങളും വൈവിധ്യമുള്ള മാധ്യമങ്ങളാൽ ആവിഷ്ക്കരിക്കൽ | റിപ്പോർട്ടിംഗ്<br>കഥാകഥനം<br>വിവരണം നടത്തൽ | നവംബർ<br>ഡിസംബർ<br>ജനുവരി |
| ഐടി സാധ്യതകൾ ഉപയോഗി ച്ചുള്ള വിവരശേഖരണം നടത്തൽ | സർവ്വേഫോം പൂരിപ്പിക്കൽ<br>ഗൂഗിൾഫോം പൂരിപ്പിക്കൽ | ഒക്ടോബർ<br>നവംബർ |
| സാഹിത്യരൂപങ്ങളുടേയും കലാ രൂപങ്ങളുടേയും വിലയിരുത്തൽ | കവിതാലാപനം, പ്രസംഗം<br>നാടകരചന, അഭിനയം<br>അവതരണം | നവംബർ<br>ഡിസംബർ<br>ജനുവരി |

# മലയാളം

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ദൃക്സാക്ഷി വിവരണം നടത്തുന്നതിനുള്ള ശേഷി നേടൽ | ദൃക്സാക്ഷി വിവരണം | ജനുവരി |
| ആസ്വാദനക്കുറിപ്പ്, ജീവചരിത്ര ക്കുറിപ്പ്, കടങ്കഥകൾ രചിക്കൽ, റേഡിയോ നാടകം തയ്യാറാക്കു ന്നതിനും അവതരിപ്പിക്കുന്നതി നുമുള്ള ശേഷിനേടൽ | ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>റേഡിയോ നാടകം അവതരിപ്പി ക്കൽ | നവംബർ<br>ഡിസംബർ<br>ജനുവരി |
| കത്ത്, നിവേദനം തുടങ്ങിയ തയ്യാറാക്കുന്നതിന് | കത്ത് തയ്യാറാക്കൽ<br>നിവേദനം തയ്യാറാക്കൽ | ഫെബ്രുവരി |

# ENGLISH

| AIM | ACTIVITIES | DURATION/PERIOD |
|---|---|---|
| To Speak, Read, and Write without mistake<br>Reader's Theatre | Word crad reading.<br>Picture card reading<br>Sentence card reading<br>Picture Album making<br>Picture dictionary making<br>Making word and sectence | JUNE<br>JULY<br>AUGUST<br>MARCH |
| Develop the creative Speaking and writing | Retells the story with confidence<br>Games<br>Conversations<br>Skit<br>Roleplay<br>Description<br>Action song<br>Stories<br>Self Introduction<br>Speach | JULY- MARCH |
| Express Thoughts<br>Feelings | Writing Thoughts<br>Skit<br>Role Play | JUNE-MARCH |
| Improve the presentation power | Book Review<br>Speech<br>Introducing Games | |
| Describe pictures | Picture description<br>Story description | |
| Recite poems and rhymes | Listen poems<br>Reciting poems and rhymes | |
| Project Works | Poster making<br>Birthday Crad making<br>Chrismas Card making<br>Making different albums | |
| English Corner | Arrange books, charts etc in the corner of the class | JULY |
| Language Lab | Arrange books, charts etc in the corner of the class | |

# ഗണിതം

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരമാക്കി മുഴുവൻ കുട്ടികൾക്കും അതാതു ക്ലാസ്സു കളിൽ ആർജ്ജിക്കേണ്ട ഗണിത ഉറപ്പുവരുത്തുക | ഗണിത വിജയം പ്രവർത്തങ്ങൾ<br>ശില്പശാലകൾ<br>സംഖ്യാകാർഡുകളിൽ<br>അബാക്കസിൽ സംഖ്യ ക്രമീകരി ക്കൽ<br>ഗണിതലാബ് ഒരുക്കൽ<br>സംഖ്യാപോക്കറ്റ് നിർമ്മാണം<br>വിവിധ ഗണിത കളികൾ<br>→ **'ഠോ' കളി**<br>→ **റാണിയും മക്കളും**<br>→ **ഈർക്കിൽ കളി**<br>→ **ഏണിയും പാമ്പും കളി**<br>→ **കാർഡ് കളി**<br>സംഖ്യാചക്രം-നിർമ്മാണം<br>സംഖ്യാറിബൺ, സംഖ്യാമാല<br>സംഖ്യാസ്ട്രിപ്പ്, ഉല്ലാസഗണിതം പ്രവർത്തനങ്ങൾ<br>ഉല്ലാസഗണിത പ്രവർത്തനങ്ങൾ<br>ഗണിത വിജയം പ്രവർത്തനങ്ങൾ<br>പ്രശ്ന നിർദ്ധാരണ പ്രവർത്തനങ്ങൾ<br>ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് | ജൂൺ-<br>മാർച്ച് |

# പരിസരപഠനം

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| നിരീക്ഷണം | പലതരം വീടുകൾ<br>പലതരം കൂടുകൾ<br>പക്ഷികൾ<br>വാഹനങ്ങൾ-ചക്രങ്ങൾ<br>ജീവികൾ-സഞ്ചാരരീതികൾ<br>ഇലകൾ | ജൂൺ-<br>മാർച്ച് |
| വർഗ്ഗീകരണം | വാഹനങ്ങൾ | |
| പട്ടികപ്പെടുത്തൽ | ജീവികൾ<br>വിത്തുകൾ<br>ഇലകൾ | |
| പരീക്ഷണങ്ങൾ<br><br>ശാസ്ത്ര കൗതുക പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br><br>നിഗമനങ്ങൾ ക്രോഡീകരിക്കുന്നു<br>ശാസ്ത്രലാബ് ഉപയോഗിക്കുന്നു. | |
| കുറിപ്പ് തയ്യാറാക്കൽ | നിരീക്ഷണക്കുറിപ്പ്<br>പരീക്ഷണക്കുറിപ്പ് | |
| ശേഖരണം | ഇല,വിത്ത്,തൂവൽ,സ്റ്റാമ്പ് | |
| ആൽബങ്ങൾ,പ്രോജക്ട് | ഇല ആൽബം,<br>ജീവികളുടെ ആൽബം<br>വാഹനങ്ങൾ-ആൽബം | |

## ആരോഗ്യ - ശുചിത്വ പരിചരണം

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | പോഷകസമൃദ്ധമായ ഉച്ചഭക്ഷണ പരിപാടി<br>ബോധവത്ക്കരണ ക്ലാസ്സുകൾ<br>ദിനാചരണങ്ങൾ<br>പോസ്റ്റർ പ്രദർശനം<br>വീഡിയോ പ്രദർശനം<br>റാലികൾ<br>ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | ജൂൺ-മാർച്ച് |

# കായികം

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികളുടെ കായികക്ഷമത പരിപോഷിപ്പിക്കൽ | അസംബ്ളിയിൽ വ്യായാമം ചെയ്യിക്കൽ<br>മാസ് ഡ്രിൽ നടത്തൽ<br>യോഗാപരിശീലനം<br>കായിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള കളികൾ | ജൂൺ-മാർച്ച് |

# കലാ - പ്രവൃത്തിപരിചയം

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികളുടെ സർഗാത്മക ശേഷി വികസിപ്പിക്കൽ | ചിത്രരചനാ പരിശീലനം<br>നൃത്തപരിശീലനം<br>കഥാ രചന<br>കവിതാരചന<br>സർഗ്ഗവേളകളിൽ അവതരണം<br>അഭിനയം-സ്കിറ്റ് | ജൂൺ-മാർച്ച് |